(ഡി) ഓൺലൈൻ വിദ്യാഭ്യാസത്തിനായി എസ്.സി./എസ്.ടി. വിഭാഗത്തിലെ എത്ര കുട്ടികൾക്ക് സർക്കാർ ഫോണുകൾ/ടാബുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിൽ വിദ്യാർത്ഥികൾക്ക് ടാബ്‌ലറ്റ്/ലാപ്‌ടോപ്പ് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ ഓൺലൈൻ പഠനത്തിന് ഉപകരണങ്ങൾ ആവശ്യമായ 43952 വിദ്യാർത്ഥികളുടെ പട്ടിക വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള കോച്ചിംഗ് സെന്ററുകൾ

47(2083) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി എത്ര കോച്ചിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതൊക്കെയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിന് കീഴിൽ നാല് പ്രീ എക്സാമിനേഷൻ ടെയിനിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നു.

ക്രമ നമ്പർ	ജില്ല	PETC യുടെ പേര്
1	തിരുവനന്തപുരം	മണ്ണന്തല
2	എറണാകുളം	ആലുവ
3	പാലക്കാട്	കുഴൽമന്ദം
4	കോഴിക്കോട്	കോഴിക്കോട്

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി വകുപ്പിന് കീഴിൽ കോച്ചിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നില്ല.

(ബി) ഓരോ കോച്ചിംഗ് സെന്ററിലും ഏതെല്ലാം വിഷയങ്ങളിലാണ് കോച്ചിംഗ് നൽകുന്നതെന്നും ഇപ്പോൾ എത്ര കുട്ടികൾവീതം പരിശീലനം നേടിവരുന്നുണ്ടെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മണ്ണന്തല ഗവൺമെന്റ് പ്രീ എക്സാമിനേഷൻ സെന്ററിൽ 10th/+2 level, Degree level, എഞ്ചിനീയറിംഗ്/ മെഡിക്കൽ എൻട്രൻസ്, സ്റ്റെനോഗ്രഫി (2 year), PSC, RRB, SSC, Railway, Banking എന്നിവയുമായി ബന്ധപ്പെട്ട മത്സരപരീക്ഷകൾക്ക് കോച്ചിംഗ് നടത്തിവരുന്നു. ആലുവ ഗവ. പ്രീ എക്സാമിനേഷൻ സെന്ററിൽ PSC-ഗണിതം, ഇൻഫർമേഷൻ ടെക്നോളജി, ഫിസിക്സ്, കെമിസ്ട്രി, ജ്യോഗ്രഫി, സമകാലികം, മലയാളം, ഹിസ്റ്ററി, സ്റ്റെനോഗ്രഫി, ഷോർട്ട് ഹാന്റ് മലയാളം, ഇംഗ്ലീഷ് (ലോവർ&ഹയർ) ടൈപ്പ്റൈറ്റിംഗ് എന്നിവയിൽ കോച്ചിംഗ് നൽകിവരുന്നു. 60 വിദ്യാർത്ഥികൾ പരിശീലനം നേടിവരുന്നു. കോഴിക്കോട് പ്രീ എക്സാമിനേഷൻ ടെയിനിംഗ് സെന്ററിൽ 6 മാസ ജനറൽ പി.എസ് സി കോച്ചിംഗ് കൂടാതെ 2 വർഷത്തെ സ്റ്റെനോഗ്രഫി കോഴ്സ് നടത്തിവരുന്നു. ജനറൽ പി.എസ്.സി കോച്ചിംഗിന് 72 കുട്ടികളും രണ്ട് വർഷത്തെ സ്റ്റെനോഗ്രഫി കോഴ്സിന് 18 കുട്ടികളും പഠിക്കുന്നു. കൂഴൽമന്ദം പ്രീ എക്സാമിനേഷൻ ടെയിനിംഗ് സെന്ററിൽ സ്റ്റെനോഗ്രഫി കമ്പ്യൂട്ടർ കോഴ്സ്, PSC, RRB, SSC, Railway, Banking, മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ് എന്നിവയിൽ കോച്ചിംഗ് നടത്തിവരുന്നു. നിലവിൽ സ്റ്റെനോഗ്രഫിയിൽ 13 വിദ്യാർത്ഥികളും കമ്പ്യൂട്ടർ കോഴ്സിന് 14 വിദ്യാർത്ഥികളും PSC കോച്ചിംഗിന് 15 വിദ്യാർത്ഥികളും ഓൺലൈനായി പരിശീലനം നടത്തിവരുന്നു.

(സി) എന്തെല്ലാം സംവിധാനങ്ങൾ ഇത്തരത്തിൽ കോച്ചിംഗ് സെന്ററുകളിലുണ്ടെന്നും ഒരു കോച്ചിംഗ് സെന്ററിന്റെ നടത്തിപ്പിന് ഒരു മാസത്തെ ചെലവ് എത്രയാണെന്നും വ്യക്തമാക്കാമോ?

മണ്ണന്തല പ്രീ എക്സാമിനേഷൻ ടെയിനിംഗ് സെന്ററിൽ കോച്ചിംഗിനായി 28 ടൈപ്പ്റൈറ്ററുകൾ, 18 കമ്പ്യൂട്ടറുകൾ, പ്രൊജക്ടർ, ലൈബ്രറി എന്നീ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ആലുവ പ്രീ എക്സാമിനേഷൻ ടെയിനിംഗ് സെന്ററിൽ ഒരു മണിക്കൂറിൽ ഒരു ദിവസം 5 മണിക്കൂർ ക്ലാസ്സ്, വാരാന്ത്യത്തിലെ പരീക്ഷ, ദിനപ്പത്രങ്ങൾ, തൊഴിൽ പ്രസിദ്ധീകരണങ്ങൾ, ലൈബ്രറി, മികച്ച ഗസ്റ്റ് അദ്ധ്യാപകരുടെ ക്ലാസ്സുകൾ എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്. കൂഴൽമന്ദം പ്രീ എക്സാമിനേഷൻ ടെയിനിംഗ് സെന്ററിൽ കോച്ചിംഗിനായി 5 മലയാളം ടൈപ്പ്റൈറ്ററുകൾ, 6 ഇംഗ്ലീഷ് ടൈപ്പ്റൈറ്ററുകൾ, 6 കമ്പ്യൂട്ടറുകൾ, ഒരു പ്രിന്റർ, ഒരു ഫോട്ടോസ്റ്റാറ്റ് മെഷീൻ, ഒരു ഡിവിഡി പ്ലേയർ, ഒരു എൽസിഡി പ്രൊജക്ടർ, നെറ്റ് സൗകര്യം എന്നിവ നിലവിലുണ്ട്. കോഴിക്കോട് പ്രീ എക്സാമിനേഷൻ ടെയിനിംഗ് സെന്ററിൽ രണ്ട് വലിയ ക്ലാസ് റൂമുകൾ, ഒരു കോൺഫറൻസ് ഹാൾ, രണ്ട് ലാബുകൾ എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്. ഒരു കോച്ചിംഗ് സെന്ററിന്റെ ഒരു മാസത്തെ നടത്തിപ്പിനായി ഏകദേശം 2 ലക്ഷം രൂപ ചെലവുവരുന്നുണ്ട്.

(ഡി) കോച്ചിംഗ് സെന്ററുകളില്ലാത്ത ജില്ലകളിൽ പുതുതായി ഇവ സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

നിലവിൽ പരിഗണനയിലില്ല.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ആനുകൂല്യം

48(2084) ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇപ്പോൾ ലഭ്യമാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രീമെട്രിക്/പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ വകുപ്പ് മുഖേന നൽകി വരുന്നു. പ്രീമെട്രിക് ആനുകൂല്യങ്ങൾ:- ലംപ്സംഗ്രാന്റ്, പ്രൈമറി/സെക്കണ്ടറി എഡ്യൂക്കേഷൻ എയ്ഡ്, പ്രതിമാസ സ്റ്റൈപന്റ്, ശ്രീ അയ്യങ്കാളി ടാലന്റ് സ്കോളർഷിപ്പ്. പോസ്റ്റ്മെട്രിക് ആനുകൂല്യങ്ങൾ:- ലംപ്സംഗ്രാന്റ് പ്രതിമാസ സ്റ്റൈപന്റ്, പോക്കറ്റ് മണി, കണ്ടിജൻസി ഗ്രാന്റ്, ഫെലോഷിപ്പ് പ്രോജക്ട് അലവൻസ്, ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ്, ABLC (Actual Boarding and Lodging Charges), സപ്ലിമെന്ററി ഫീസ്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി സർക്കാർ നൽകുന്ന സഹായങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. പ്രീ-മെട്രിക്-സ്കോളർഷിപ്പ് പദ്ധതി-നഴ്സറിതലം മുതൽ എസ്.എസ്.എൽ.സി വരെ പഠനം നടത്തുന്ന കുട്ടികൾക്ക് ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ് എന്നിവ നൽകുന്നു. നിരക്ക് ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	വിഭാഗം	ലംപ്സം ഗ്രാന്റ്	പ്രതിമാസ സ്റ്റൈപ്പന്റ്
1	1 മുതൽ 4 വരെ	750	200
2	യു.പി വിഭാഗം 5 മുതൽ 7 വരെ	900	200
3	ഹൈസ്ക്കൂൾ വിഭാഗം	1000	200

LIBRARY ARCHIVES Kerala Legislative Assembly